**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*79.** **10.06.2019 ൽ മറുപടിയ്ക്ക്**

**മയക്കമരുന്ന് മാഫിയക്കെതിരെ നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.വി.എസ്.ശിവകുമാർ<br>,, പി.ടി. തോമസ്<br>,, റോജി എം. ജോൺ<br>,, സണ്ണി ജോസഫ് | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാന തലസ്ഥാനം ഡ്രഗ് മാഫിയകളുടെ കയ്യിൽ അകപ്പെട്ടിരിക്കുന്നു എന്ന ഭീതി ജനകമായ സ്ഥിതിവിശേഷം ഉള്ളതായി പറയപ്പെടുന്നത് ഗൗരവമായി കണക്കാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ; | (എ) | സംസ്ഥാന തലസ്ഥാനം ഡ്രഗ് മാഫിയകളുടെ കൈയ്യിൽ അകപ്പെട്ടിരിക്കുന്നുവെന്ന സ്ഥിതി വിശേഷം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | കഞ്ചാവ്,ഹാഷിഷ് ഓയിൽ, എൽ.എസ്.ഡി. തുടങ്ങിയവ യുവാക്കളുടെ ഇടയിലും ഐ.റ്റി മേഖലകളിലും വ്യാപകമായി വിതരണം ചെയ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കഞ്ചാവ്, ഹാഷിഷ് ഓയിൽ, എൽ.എസ്.ഡി തുടങ്ങിയവയുടെ പ്രായേണ കുറഞ്ഞ തോതിലുള്ള ഉപയോഗം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എങ്കിലും ആയവ യുവാക്കളുടെ ഇടയിലും ഐ.റ്റി. മേഖലകളിലും വ്യാപകമായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ചെറുപ്പക്കാരെയും വിദ്യാർത്ഥികളെയും ഡ്രഗ് മാഫിയ മയക്കമരുന്നിന്റെയും കഞ്ചാവിന്റെയും കടത്തുകാരായി ഉപയോഗിക്കുന്നുവെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ, ഇക്കാര്യത്തിൽ ഊർജ്ജിത അന്വേഷണം നടത്തുന്നതിനും ഇതിന്റെ പിന്നിലുള്ള മാഫിയ സംഘത്തെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | ചെറുപ്പക്കാരെയും വിദ്യാർത്ഥികളെയും ഡ്രഗ് മാഫിയ മയക്കമരുന്നിന്റെയും കഞ്ചാവിന്റെയും കടത്തുകാരായി ഉപയോഗിക്കുന്നത് തടയുന്നതിന്റെ ഭാഗമായി എക്സൈസ് വകുപ്പ് ശക്തമായ പരിശോധനകൾ നടത്തിവരുന്നുണ്ട്. എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും ഇക്കാര്യത്തിൽ പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തി |

| | | | |
|---|---|---|---|
| | | | ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഇത്തരത്തിൽ നിയമവിരുദ്ധപ്രവർത്തനങ്ങൾക്ക് ചെറുപ്പക്കാരേയും വിദ്യാർത്ഥികളേയും ഉപയോഗിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നതും ടിയാളുകൾക്ക് നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാധ്യമായ പരമാവധി ശിക്ഷ ലഭിക്കത്തക്കരീതിയിൽ പഴുതുകളില്ലാത്ത നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ